## പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 2330 — 09.12.2014-ലെ മറുപടിയ്ക്ക്

## കോഴിക്കോട് ജില്ലയിൽ സഹകരണസ്ഥാപനങ്ങളുടെ സഹായത്തോടെ പുതിയ കെട്ടിടം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എ.പ്രദീപ് കുമാർ | ശ്രീ.സി.എൻ.ബാലകൃഷ്ണൻ (സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി) |
| (എ) കോഴിക്കോട് ജില്ലയിൽ സഹകരണ വകുപ്പിന്റെ അധീനതയിലുള്ള സ്ഥലത്ത് (സഹകരണഭവൻ നിൽക്കുന്ന സ്ഥലത്ത്) പുതിയ കെട്ടിടം നിർമ്മിക്കുന്നതിനാവശ്യമായ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (എ) കോഴിക്കോട് ജില്ലയിൽ സഹകരണ വകുപ്പിന്റെ അധീനതയിലുള്ള സ്ഥലത്ത് പുതിയ ആഫീസ് കെട്ടിടം നിർമ്മിക്കു ന്നതിന് ഉദ്ദേശിക്കുന്നുണ്ട്. ജില്ലാ, താലൂക്കുകളിലെ ആഫീസുകൾക്കായി മന്ദിരം നിർമ്മിച്ചു നൽകുന്നതിന് കോഴിക്കോട് ജില്ലയിലെ സഹകരണ സംഘങ്ങൾ മുന്നോട്ടു വന്നിട്ടുണ്ട്. എന്നാൽ നിലവിലുള്ള കെട്ടിടത്തിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് വിജിലൻസ് കേസ് ഉള്ള സാഹചര്യത്തിൽ നിലവിലുള്ള കെട്ടിടം പൊളിക്കുന്നതിന് അനുമതി ലഭിക്കേണ്ടതായുണ്ട്. പഴയ കെട്ടിടത്തിന്റെ നിർമ്മാണ ത്തിൽ അഴിമതി കണ്ടെത്തിയതിനെ തുടർന്ന് നഷ്ടത്തുക ബന്ധപ്പെട്ടവരിൽ നിന്നും ഈടാക്കുന്നതിന് വിജിലൻസ് വകുപ്പ് ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ടിയാളുകൾക്ക് പൊതുമരാമത്ത് വകുപ്പ് കാരണം കാണിക്കൽ നോട്ടീസ് നൽകിയിരിക്കു കയാണ്. പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് വിജിലൻസ് വകുപ്പിന്റെ അനുമതി ലഭിക്കുന്നതിന് അപേക്ഷിച്ചിട്ടുണ്ട്. |

(ബി) ഈ സ്ഥലത്ത് സഹകരണ സ്ഥാപനങ്ങളുടെ സഹായത്തോടെ പുതിയ കെട്ടിടം സ്ഥാപിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ എന്നു വിശദമാക്കമോ?

(ബി) ടി സ്ഥലത്ത് സഹകരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് ആവശ്യമായ അനുമതിയും അനുയോജ്യമായ പ്രൊപ്പോസലും ലഭിക്കുകയാണെങ്കിൽ പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരി ക്കുന്നതാണ്.

സെക്ഷൻ ഓഫീസർ